ഉത്തരം

(എ) 319 പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്.

(ബി&സി) ട്രാംവെ പുറമ്പോക്കിൽ താമസിക്കുന്ന കിഴക്കേ ചാലക്കുടി വില്ലേജിലെ 13 നിവാസികൾക്ക് 20-2-2011-ന് തൃശ്ശൂർ ജില്ലയിൽ നടക്കുന്ന പട്ടയമേളയിൽ പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. റോഡ് പുഴ, തോട്, കനാൽ പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് നിലവിലുള്ള നിയമമനുസരിച്ച് പതിച്ചു നൽകാനാവില്ല. പുളിയിലപ്പാറ പ്രദേശത്ത് പട്ടയം അനുവദിക്കുന്നതിന് ജോയിന്റ് വെരിഫിക്കേഷൻ നടത്തി തുടർ നടപടി സ്വീകരിച്ചുവരുന്നു.

വടക്കാഞ്ചേരി മണ്ഡലത്തിൽ പട്ടയം വിതരണം

144(838) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽ എത്ര പേർക്ക് പട്ടയം വിതരണം നടത്തി എന്ന് വെളിപ്പെടുത്തുമോ ;

(ബി) പട്ടയം വിതരണം പൂർത്തീകരിക്കാൻ ആകാതെ ഏതെങ്കിലും അപേക്ഷകൾ നിലവിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ, കാലതാമസത്തിനുള്ള കാരണം വിശദമാക്കുമോ ;

(ഡി) കാലതാമസം ഒഴിവാക്കി സമയ ബന്ധിതമായി പട്ടയ വിതരണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽ 57 ഗുണഭോക്താക്കൾക്ക് പട്ടയം വിതരണം ചെയ്തിട്ടുള്ളതാണ്.

(ബി) ഉണ്ട്.

(സി&ഡി) കേരള ഭൂപരിഷ്കരണ നിയമപ്രകാരമുള്ള നടപടികളും ലാന്റ് അസൈൻമെന്റ് ആക്ട് പ്രകാരമുള്ള നടപടികളും പൂർത്തീകരിക്കാത്തതിനാൽ, പല കേസുകളിലും പട്ടയം നൽകാൻ സാധിച്ചിട്ടില്ലാത്തതാണ് പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതാണ്.

കണ്ണൻദേവൻ ഹിൽസിൽ സമഗ്ര സർവ്വേ

145(840) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാറിലെ കണ്ണൻദേവൻ ഹിൽസിൽ സമഗ്ര സർവ്വേ നടത്തുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി നിയോഗിച്ച വിജിലൻസ് ഓഫീസർ ആദ്യഘട്ട സർവ്വേ പൂർത്തിയാക്കിയിരുന്നുവോ ;

(സി) ഇതു സംബന്ധിച്ച് അദ്ദേഹം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഈ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാം ;

(ഡി) കയ്യേറ്റ ഭൂമിയുടെ ശരിയായ രേഖകൾ ലഭ്യമാക്കുന്നതിനായി എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഫീൽഡ് ജോലികൾ 95% പൂർത്തിയാക്കിയിട്ടുണ്ട്. റിക്കാർഡ് തയ്യാറാക്കി റവന്യൂ-സർവ്വെ ജോയിന്റ് വെരിഫിക്കേഷനു വേണ്ടി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ജോയിന്റ് വെരിഫിക്കേഷൻ സമയത്ത് അപാകതകൾ കണ്ടെത്തുകയാണെങ്കിൽ അതു കൂടി പരിഹരിച്ച് മാർച്ച് 31-നകം നടപടികൾ പൂർത്തിയാക്കുന്നതാണ്.

(ബി&സി) മൂന്നാർ ലക്ഷ്മി എസ്റ്റേറ്റ്, അബാദ് റിസോർട്ട് എന്നിവിടങ്ങളിലെ സർവ്വേ റിക്കാർഡുകൾ പരിശോധിക്കുന്നതിനും, ലൊക്കേഷൻ സ്കെച്ച്, ഡിജിറ്റൈസേഷൻ മാപ്പ് എന്നിവ തയ്യാറാക്കുന്നതിനുമാണ് 22-1-2010-ലെ സ.ഉ. (ആർ.ടി) 309/10/ആർ.ഡി. അനുസരിച്ച് സർവ്വെ വിജിലൻസ് ഓഫീസറെ നിയോഗിച്ചിരുന്നത്. അതനുസരിച്ച് ആദ്യഘട്ട അന്വേഷണം പൂർത്തിയാക്കി പരിശോധനാ റിപ്പോർട്ട് 3-3-2010-ൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കെ.ഡി.എച്ച് വില്ലേജിന്റെ അതിർത്തിയിൽ മാറ്റം വരുത്തിയിട്ടുണ്ടോ എന്ന് വിശദമായി പരിശോധിക്കേണ്ടതുണ്ട് എന്നും കെ.ഡി.എച്ച്. വില്ലേജിലെ റീ-സർവ്വേ രേഖകൾ പ്രകാരമല്ല. ഇപ്പോഴത്തെ ഭൂവിനിയോഗ രീതികൾ എന്നതിനാൽ പുതുതായി റീസർവ്വേ നടത്തേണ്ടതുണ്ട് എന്നും ഭൗമ ശാസ്ത്ര പഠനകേന്ദ്രം നടത്തിയ സർവ്വേ പ്രകാരം സമാഹരിച്ച വിവരങ്ങൾ പങ്കു വക്കേണ്ടതുണ്ട് എന്നും സർവ്വേ രേഖകളിൽ തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടികൾ കൈക്കൊള്ളേണ്ടതുണ്ട് എന്നും ഉള്ള നിരീക്ഷണങ്ങൾ റിപ്പോർട്ടിലുണ്ട്.

(ഡി) കെ.ഡി.എച്ച്.വില്ലേജിൽ ഇപ്പോൾ നടന്നുവരുന്ന സർവ്വെ പൂർത്തിയാകുന്നതോടുകൂടി കയ്യേറ്റം സംബന്ധിച്ച വസ്തുതകൾ വ്യക്തമാകും.

സർവ്വേ സ്കൂളുകളുടെ നവീകരണം

148(841) ശ്രീ. സൈമൺ ബ്രിട്ടോ നോഡ്രിഗ്സ് :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. വി. ശശികുമാർ :
ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വെ സ്കൂളുകളുടെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) എല്ലാ സ്കൂളുകളിലും ആധുനിക സർവ്വെ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly